<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6754</u> <u>21-03-2023 - ൽ മറുപടിയ്ക്ക്</u>

<u>മധ്യവേനലവധിക്ക് മുമ്പ് പാഠപുസ്തകങ്ങളും യൂണിഫോമും നൽകുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകളിൽ മധ്യവേനലവധിക്ക് മുമ്പുതന്നെ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളും യൂണിഫോമും അവധിക്കാലത്തേക്കുള്ള ഭക്ഷ്യ ധാന്യങ്ങളും നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br><u>പാഠപുസ്തകം</u><br><br>2023-24 അധ്യയന വർഷത്തേക്ക് ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ സംസ്ഥാനതല വിതരണോത്ഘാടനം 2023 മാർച്ച് 24ന് വൈകിട്ട് 4.30 ന് നടത്തുന്നതാണ്. നിലവിൽ അച്ചടി പൂർത്തിയാക്കിയ പാഠപുസ്തകങ്ങൾ ജില്ലാ പാഠപുസ്തക ഹബുകളിലേക്ക് എത്തിച്ചിട്ടുണ്ട്. ജില്ലാ ഹബുകളിലെത്തിയ പാഠപുസ്തകങ്ങൾ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ സോർട്ട് ചെയ്തു മധ്യവേനലവധിക്ക് മുമ്പ് തന്നെ വിതരണം ആരംഭിക്കുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും ചെയ്തിട്ടുണ്ട്.<br><br><u>യൂണിഫോം</u><br><br>അടുത്ത അധ്യയന വർഷത്തെ (2023-24) സൗജന്യ കൈത്തറി യൂണിഫോം വിതരണ ഉത്ഘാടനം 25-03-2023 തീയതിയിൽ എറണാകുളത്ത് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട് .<br><br><u>ഉച്ചഭക്ഷണം</u><br><br>നടപ്പ് വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച അരിയിൽ നവംബർ മാസത്തെ വിതരണത്തിനു ശേഷം 24723.95 മെട്രിക് ടൺ അരി സപ്ലൈകോയുടെ ഗോഡൗണുകളിൽ നീക്കിയിരിപ്പുണ്ടെന്ന് സപ്ലൈകോ ജനറൽ മാനേജർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മധ്യവേനൽ അവധിക്കാലം ആരംഭിക്കുന്നതിനു മുൻപായി |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഗുണഭോക്താക്കളായ മുഴുവൻ സ്കൂൾ കുട്ടികൾക്കും 5 കിലോഗ്രാം അരി വീതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പൊതുവിദ്യാഭ്യാസ മേഖലയിൽ ആദ്യമായി ഇത്തരത്തിൽ ഒരു ഉദ്യമം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>**<u>പാഠപുസ്തകം</u>**<br><br>2023-24 അധ്യയന വർഷത്തേക്ക് ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ സംസ്ഥാനതല വിതരണോത്ഘാടനം 2023 മാർച്ച് 24ന് വൈകിട്ട് 4.30 ന് നടത്തുന്നതാണ്. നിലവിൽ അച്ചടി പൂർത്തിയാക്കിയ പാഠപുസ്തകങ്ങൾ ജില്ലാ പാഠപുസ്തക ഹബ്ബുകളിലേക്ക് എത്തിച്ചിട്ടുണ്ട്. ജില്ലാ ഹബ്ബുകളിലെത്തിയ പാഠപുസ്തകങ്ങൾ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ സോർട്ട് ചെയ്തു മധ്യവേനലവധിക്ക് മുമ്പ് തന്നെ വിതരണം ആരംഭിക്കുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും ചെയ്തിട്ടുണ്ട്.<br><br>**<u>യൂണിഫോം</u>**<br><br>അടുത്ത അധ്യയന വർഷത്തെ (2023-24) സൗജന്യ കൈത്തറി യൂണിഫോം വിതരണ ഉത്ഘാടനം 25-03-2023 തീയതിയിൽ എറണാകുളത്ത് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട് .<br><br>**<u>ഉച്ചഭക്ഷണം</u>**<br><br>നടപ്പ് വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച അരിയിൽ നവംബർ മാസത്തെ വിതരണത്തിനു ശേഷം 24723.95 മെട്രിക് ടൺ അരി സപ്ലൈകോയുടെ ഗോഡൗണുകളിൽ നീക്കിയിരിപ്പുണ്ടെന്ന് സപ്ലൈകോ ജനറൽ മാനേജർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മധ്യവേനൽ അവധിക്കാലം ആരംഭിക്കുന്നതിനു മുൻപായി പദ്ധതിയുടെ ഗുണഭോക്താക്കളായ മുഴുവൻ സ്കൂൾ കുട്ടികൾക്കും 5 കിലോഗ്രാം അരി വീതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | **<u>പാഠപുസ്തകം</u>**<br><br>2023 – 24 അദ്ധ്യയന വർഷം മൂന്ന് വാല്യങ്ങളിലായി 4.9 കോടി പാഠപുസ്തകങ്ങളുടെ അച്ചടി ഉത്തരവാണ് നൽകിയിട്ടുള്ളത്. കേരളത്തിലെ സർക്കാർ/ എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെയും നവോദയ/സി.ബി.എസ്.സി. മലയാള ഭാഷ വിഷയത്തിലും ലക്ഷദ്വീപ് മാഹി, ഗൾഫ് എന്നിവിടങ്ങളിലെ കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | | | സിലബസിലുള്ള 13300 സ്കൂളുകളിലേയും കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. അടുത്ത അധ്യയന വർഷത്തേക്ക് ആവശ്യമായ പാഠപുസ്തകങ്ങളായതിനാൽ കൃത്യമായ കണക്കെടുപ്പ് പ്രവേശനം ആരംഭിച്ചാൽ മാത്രമേ ലഭ്യമാകൂ. 2022-23 അധ്യയന വർഷത്തെ കണക്കുപ്രകാരം 38.32 ലക്ഷം കുട്ടികൾക്കാണ് ഈ പ്രയോജനം ലഭ്യമായിരുന്നത് .<br><br>**<u>യൂണിഫോം</u>**<br><br>സംസ്ഥാനത്തെ 9.5 ലക്ഷം വിദ്യാർഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്.<br><br>**<u>ഉച്ചഭക്ഷണം</u>**<br><br>പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള 28,74,546 കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നു. |
| (ഡി) | അദ്ധ്യയന വർഷാരംഭത്തിൽ തന്നെ കൃത്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | ഓരോ വർഷവും പാഠപുസ്തക അച്ചടി, വിതരണം എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലായി പൊതുവിദ്യാഭ്യാസ വകുപ്പ്, ഫിനാൻസ്, സ്റ്റേഷണറി വകുപ്പ്, സർക്കാർ പ്രസ്സ്, സ്റ്റോർ പർച്ചേസ് തുടങ്ങിയ വകുപ്പുകളിലേയും കെ.ബി.പി.എസ്, എസ്.സി.ഇ.ആർ.ടി എന്നിവിടങ്ങളിലേയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഹയർ ലെവൽ മോണിറ്ററിംഗ് മീറ്റിംഗ് കൂടുകയും പ്രസ്തുത മീറ്റിംഗിന് ശേഷം ഒക്ടോബർ മാസം തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും നവംബർ മാസം ഓൺലൈനായി പാഠപുസ്തക ഇൻഡന്റ് ശേഖരിച്ച് ഡിസംബർ മാസത്തിൽ തന്നെ അച്ചടി ഉത്തരവ് നൽകുകയും ജനുവരി - ഫെബ്രുവരി മാസങ്ങളിലായി ഒന്നാം വാല്യം അച്ചടി പൂർത്തീകരിച്ച് മാർച്ച് മാസം ഹബ്ബുകളിലെത്തുന്ന പാഠപുസ്തകങ്ങൾ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് സോർട്ട് ചെയ്ത് സൊസൈറ്റികളിലേക്ക് വിതരണം ആരംഭിക്കുന്ന രീതിയാണ് കഴിഞ്ഞ സർക്കാരും ഈ സർക്കാരും ചെയ്തുപോരുന്നത്. ആയതിനാൽ തന്നെ അധ്യയന വർഷാരംഭത്തിൽ തന്നെ കൃത്യമായി പാഠപുസ്തകം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ